**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി**
**13.10.2016-ന് കൂടുന്ന മീറ്റിംഗ് അജണ്ട**
**സമയം - ഉച്ചയ്ക്ക്ശേഷം 3 മണിക്ക്**
**സ്ഥലം. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബർ**

1. **പൊതുവിഷയങ്ങൾ**

**2. 2016-17 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം**

1. ഗ്രാമപഞ്ചായത്തുകൾ, 2. ബ്ലോക്ക് പഞ്ചായത്തുകൾ
3.നഗരസഭകൾ 4. ജില്ലാ പഞ്ചായത്തുകൾ

3. പ്രത്യേക വിഷയങ്ങൾ

**3.1 കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം. 320/ഡി.എ.1/16/തസ്വഭവ)**

2015-16 വർഷത്തിൽ പദ്ധതി നിർവഹണ നടപടികൾ സ്വീകരിച്ചതും 2016-17 വർഷത്തിൽ സ്പിൽഓവർ ആയി തുടരുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതുമായ ഭവന നവീകരണം എന്ന പ്രോജക്ട് ട്രാൻസ്ഫർ ചെയ്യുന്ന പ്രക്രിയയിൽ വന്ന പിഴവ് (അറിയാതെ reject ബട്ടൺ അമർത്തിയത്) തിരുത്തി സ്പിൽഓവറായി തുടരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടിയുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യുന്നതിനുള്ള അനുമതിയാണ് പഞ്ചായത്ത് അഭ്യർത്ഥിക്കുന്നത്.

**3.2 മാവേലിക്കര നഗരസഭ സെക്രട്ടറിയുടെ എ 3-2128/96 നമ്പർ തീയതി,31.05.2016-ലെ കത്ത് (ഫയൽനം. 131/ഇ.യു.3/16/തസ്വഭവ)**

നഗരസഭയുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് നഗരസഭയ്ക്ക് അനുവദിക്കാനുള്ള പെൻഷൻ അലോട്ട്മെന്റ് തുകയായ (2010-11 മുതൽ 2015-16 വരെ) 3,18,98,346/- രൂപ (മൂന്നു കോടി പതിനെട്ടു ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുന്നൂറ്റി നാൽപത്തിയാറു രൂപ മാത്രം അടിയന്തിരമായി അനുവദിക്കണമെന്നതാണ് അപേക്ഷ.

**3.3 ചൊക്ലി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ നിയമ സാക്ഷരത പഞ്ചായത്താക്കി മാറ്റുന്നതിനുള്ള ചെലവ് സംബന്ധിച്ച് (ഫയൽ നം.179/എഫ്.എം.2/2016/തസ്വഭവ)**

ചൊക്ലി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ നിയമ സാക്ഷരത പഞ്ചായത്താക്കി മാറ്റുന്നതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

**3.4 ഗുരുവായൂർ നഗരസഭ - മഴപ്പൊലിമ, കിണർ റീ-ചാർജിംഗ് പദ്ധതി എ.പി.എൽ. വിഭാഗങ്ങൾക്കു കൂടി ബാധകമാക്കുന്നത് സംബന്ധിച്ച് ((നടപടി:തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)**

ഗുരുവായൂർ നഗരസഭയിൽ "മഴപ്പൊലിമ" എന്ന ഭൂജല പരിപോഷണ പരിപാടി, കിണർ റീചാർജിംഗ് പദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡി അനുവദിക്കുന്ന ഉത്തരവിൽ എ.പി.എൽ വിഭാഗത്തിനുകൂടി ബാധകമാക്കിക്കൊണ്ട് സ്പഷ്ടീകരണം നൽകണമെന്നതാണ് അപേക്ഷ.

**3.5 ആന്തൂർ നഗരസഭ - പദ്ധതി നിർവഹണം സംബന്ധിച്ച് (ഫയൽ നം. 446/ഡി.സി.3/2016/തസ്വഭവ)**

2015-16 സാമ്പത്തിക വർഷം കൈമാറിയ 42 പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് നഗരസഭ ആന്തൂർ നഗരസഭയ്ക്ക് ജനറൽ വിഭാഗത്തിൽ 574554 രൂപയും എസ്.സി.പി. ഇനത്തിൽ 6705668 രൂപയും നോൺ റോഡ് ഇനത്തിൽ 3536444 രൂപയും കൈമാറേണ്ടതാണെന്നുള്ള നഗരകാര്യ ഡയറക്ടറുടെ ശുപാർശയിന്മേലുള്ള അനുമതിയാണ് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നത്.

**3.6 വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 4939/എഫ്.ബി.1/83/GC.DA നമ്പർ തീയതി 30.07.2016-ലെ അപേക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ള അംശാദായ തുക സർക്കാർ ഗ്രാന്റിൽ നിന്നും പിടിച്ച് അതോറിറ്റിയിൽ അടവാക്കുന്നത് സംബന്ധിച്ച് (ഫയൽനം.149/ഐ.എ 3/16/തസ്വഭവ)**

വിശാലകൊച്ചി വികസന അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (22 ഗ്രാമപഞ്ചായത്തുകൾ, 9 മുനിസിപ്പാലിറ്റികൾ, കൊച്ചി കോർപ്പറേഷൻ) നൽകുവാനുള്ള അംശാദായ കുടിശ്ശിക ടി സ്ഥാപനങ്ങൾക്കു നൽകുന്ന സർക്കാർ ഗ്രാന്റിൽ നിന്നും പിടിച്ച് അതോറിറ്റിക്ക് നൽകുവാൻ നടപടി സ്വീകരിക്കണമെന്നും കൂടാതെ, അതോറിറ്റിയുടെ ജനോപകാരപ്രദമായ വിവിധ വികസന പ്രവർത്തനങ്ങൾ പരിഗണിച്ചും ആയതിലേയ്ക്കായി അതോറിറ്റിയുടെ പരിമിതമായ തനത് ഫണ്ട് മാത്രമാണ് ചെലവഴിക്കുന്നതെന്ന വസ്തുത പരിഗണിച്ചും അതോറിറ്റി സർക്കാരിന് നൽകുവാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാർ ഉത്തരവ് (എം.എസ്)962/92/ഫിൻ തീയതി 18.11.1992-ലെ വ്യവസ്ഥകളനുസരിച്ച് പലിശ സഹിതം ഒഴിവാക്കുകയോ ആയത് ജി.സി.ഡി.എ-യ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള അംശാദായ ഇനത്തിലുള്ള തുകയിൽ വകയിരുത്തിക്കൊണ്ടുള്ള ഉത്തരവോ ഉണ്ടാകണമെന്നാണ് അപേക്ഷിച്ചിരിക്കുന്നത്.

**3.7 മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - സംബന്ധിച്ച് (ഫയൽനം.333/ഡി.എ 1/2016/തസ്വഭവ)**

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള അനുമതിയാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

**3.8 കാവാലം ഗ്രാമപഞ്ചായത്ത് - മത്സ്യബന്ധനത്തിനുള്ള വല, വാട്ടർ ടാങ്ക് - തുക വകയിരുത്തുന്നത് സംബന്ധിച്ച് (ഫയൽനം.359/ഡി.എ 2//16/തസ്വഭവ)**

കാവാലം ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബത്തിനും (3950 വീടുകൾ) പി.വി.സി. വാട്ടർ ടാങ്ക് (500 ലി.) സബ്സിഡിയോടെ നൽകുന്നതിനും ഉൾനാടൻ മത്സ്യമേഖലയിലെ ജനറൽ വിഭാഗത്തിലെ ആളുകൾക്ക് കുടി മത്സ്യ ബന്ധനത്തിനുള്ള വല നൽകുന്നതിനും പദ്ധതിയിൽ തുക വകയിരുത്തി നടപ്പാക്കുന്നതിനുള്ള അനുമതി നൽകണമെന്നതാണ് അപേക്ഷ

| |
|---|
| **3.9 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.356/ഡി.എ 2/2016/തസ്വഭവ)** |
| 2016-17 വർഷത്തെ സ്പിൽഓവർ പ്രോജക്ടുകളിൽ തനത് ഫണ്ട് വകയിരുത്തിയ 64,00,000/- രൂപയ്ക്ക് പകരം 2016-17 വർഷത്തെ പദ്ധതി വിഹിതം വകയിരുത്തിക്കൊണ്ട് പ്രോജക്ടിൽ ഭേദഗതി വരുത്താൻ ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നതാണ് അപേക്ഷ. |

| |
|---|
| **3.10 താന്ന്യം ഗ്രാമപഞ്ചായത്ത് - എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് (ഫയൽ നം.861197/ഡി.എ 3/2016/തസ്വഭവ)** |
| സബ്സിഡി മാനദണ്ഡങ്ങളിൽ ഇളവ് നൽകി 5 to 16W ന് ഇടയിലുള്ള എൽ.ഇ.ഡി. ബൾബുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് 1 വീടിന് 1000 രൂപയിൽ അധികരിക്കാത്ത തുക ഉപയോഗിച്ച് മൂന്നു വർഷത്തിൽ ഒരിക്കൽ വീതം ഒരു വീടിന് നൽകുന്നതിന് അനുമതി ലഭ്യമാക്കണമെന്നതാണ് അപേക്ഷ. |